# എന്തു വില കൊടുത്തും യേശുവിനോടുള്ള ഭക്തി കാത്തുകൊള്ളുക

സാക് പുന്നൻ

WFTW 11 ഒക്ടോബർ 2015

ഒരുനാൾ യേശു അവരെ വിവാഹം കഴിക്കേണ്ടതിനു യേശുക്രിസ്തുവുമായി വിവാഹനിശ്ചയം ചെയ്യുവാൻ താൻ അവരെ നടത്തിയത് എപ്രകാരമാണെന്നതിനെക്കുറിച്ചു പൗലൊസ് 2കൊരി. 11:2,3 വാക്യങ്ങളിൽ പറഞ്ഞിരിക്കുന്നു. അവർ വഴിയിൽ വച്ച് മറ്റാരുമായും സ്നേഹബന്ധത്തിലാകരുതെന്ന വലിയ അസൂയ അദ്ദേഹത്തിനുണ്ടായിരുന്നു.

40 മൈലുകൾ ദൂരമുള്ള വഴി താണ്ടി റിബേക്കയെയും കൊണ്ടുവന്ന അബ്രാഹാമിന്റെ ദാസന്റെ കാര്യം ചിന്തിക്കുക. ആ സമയത്തിനിടയ്ക്ക് ഏതെങ്കിലും കോമളനായ യുവാവു വന്നു റിബേക്കയുടെ സ്നേഹം നേടി എടുക്കാൻ ശ്രമിച്ചിരുന്നെങ്കിൽ എലയാസർ എന്തു ചെയ്യുമായിരുന്നു? അയാൾ ഇങ്ങനെ പറയുമായിരിക്കും: ''ദൂരെ മാറിപ്പോകുക, ഇവൾ എന്റെ യജമാനന്റെ മകനുവേണ്ടി കരുതിവയ്ക്കപ്പെട്ടിരിക്കുന്നവളാണ്.'' അവളോട് അയാൾ ഇങ്ങനെ പറഞ്ഞിരിക്കും: ''ഈ ആളുകളാലൊന്നും നീ വശീക്കരിക്കപ്പെടരുത്.''

കൊരന്തിലുള്ള സഭയെ യേശുവിനുവേണ്ടി അതുപോലെ കാത്തു സൂക്ഷിക്കുവാൻ പൗലൊസ് അഗ്രഹിച്ചു. അതൊരു അസൂയയാണ്: ''നിങ്ങൾ യേശുവിനു വേണ്ടി കരുതിവയ്ക്കപ്പെട്ടവരാണ്. നിങ്ങൾക്ക് ഈ ലോകത്തിനു വേണ്ടിയോ, പണത്തിനു വേണ്ടിയോ, മാനത്തിനു വേണ്ടിയോ ജീവിക്കുവാൻ കഴിയുകയില്ല. മറ്റുള്ള ആളുകൾ വന്നു നിങ്ങളെ വശീകരിച്ചേക്കാം. നിങ്ങൾ ദൈവത്തിനു വേണ്ടി ജീവിക്കണമെന്നു ഞാൻ ആഗ്രഹിക്കുന്നു.''

അതുപോലെ ദൈവത്തിന്റെ ഒരു യഥാർത്ഥ ദാസന്, അവർ ക്രിസ്തുവിന് ഒരു നിർമ്മല കന്യകയായി സൂക്ഷിക്കപ്പെടണമെന്ന്, ദൈവജനത്തിനു വേണ്ടി ഒരു അസൂയ ഉണ്ട്. എന്നാൽ അദ്ദേഹം പറഞ്ഞു: ''പഴയ സർപ്പം ഏദനിൽ വന്നു ഹവ്വയെ ഉപായത്താൽ ചതിച്ചതുപോലെ സാത്താൻ വരുമോ എന്നു ഞാൻ ഭയപ്പെടുന്നു. നിങ്ങളുടെ ഹൃദയം യേശുക്രിസ്തുവിനോടുള്ള ഭക്തിയിൽ നിന്നു വലിച്ചു മാറ്റപ്പെടുമോ എന്നും ഞാൻ ഭാരപ്പെടുന്നു.''

നിങ്ങളൊരു പിന്മാറ്റക്കാരനായെന്നു നിങ്ങൾ എങ്ങനെ അറിയും? നിങ്ങൾ വഴിതെറ്റിപ്പോയി എന്നു നിങ്ങൾക്കെങ്ങനെ അറിയാം? നിങ്ങൾ ചില തെറ്റായ ഉപദേശങ്ങൾ വിശ്വസിക്കുമ്പോഴാണോ അതുണ്ടാകുന്നത്? 2 കൊരി. 11:3 അനുസരിച്ച്, നിങ്ങൾക്ക് യേശുക്രിസ്തുവിനോടുള്ള ഭക്തി നഷ്പ്പെടുന്ന ആ നിമിഷം തന്നെ നിങ്ങൾ വഴിതെറ്റിക്കഴിഞ്ഞു. അതാണ് വഴി തെറ്റിയതിന്റെ അടയാളം. യേശുക്രിസ്തുവിനോടുള്ള ഭക്തി നഷ്ടപ്പെട്ട ഓരോ വിശ്വാസിയും ഇതിനോടകം തന്നെ വഴി തെറ്റിയിരിക്കുന്നു. ദൈവത്തിന്റെ ദാസന്മാരെന്ന നിലയിൽ നമ്മുടെ ജോലി അവരെ യേശുക്രിസ്തുവിനോടുള്ള ഭക്തിയിൽ നിലനിർത്തുക എന്നാണ്. അതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം.

യേശുക്രിസ്തുവിനോടുള്ള ഭക്തിയിൽ നിന്നും അവിടുത്തെ തീക്ഷ്ണതയോടെ സ്നേഹിക്കുന്നതിൽ നിന്നും വിശ്വാസികളെ വഴി തെറ്റിക്കാനായി പിശാച് എപ്പോഴും അന്വേഷിച്ചു കൊണ്ടിരിക്കും. യേശുക്രിസ്തുവിനോടുള്ള സ്നേഹം നമുക്കു നഷ്ടപ്പെട്ടു കഴിഞ്ഞിട്ട് അവിടുത്തെ ശുശ്രൂഷിക്കുന്നതും, സുവിശേഷവേല ചെയ്യുന്നതും, പഠിപ്പിക്കുന്നതും, അല്ലെങ്കിൽ സഭ പണിയുന്നതും കൊണ്ടെല്ലാം എന്തു പ്രയോജനം?

കർത്താവ് എഫെസൊസിലുള്ള സഭയോടു പറഞ്ഞു ''നിങ്ങൾ എന്നെ ആദ്യം സ്നേഹിച്ചതുപോലെ സ്നേഹിക്കാത്തപ്പോൾ, ഇത്രയധികം നല്ലകാര്യം ചെയ്യുന്നതുകോണ്ട് എന്തു പ്രയോജനമുണ്ട്? എനിക്കു നിങ്ങളുടെ ശുശ്രൂഷകളൊന്നും ആവശ്യമില്ല.'' നിങ്ങളെ തന്നെ ക്രിസ്തുവിനോടുള്ള ഭക്തിയിൽ സൂക്ഷിക്കുവാനും നമ്മൾ ശുശ്രൂഷിക്കുന്നവരെ ക്രിസ്തുവിനോടുള്ള ഭക്തിയിൽ സൂക്ഷിക്കുവാനും ദയവായി ഓർത്തുകൊൾക.